# കേരള പബ്ലിക് സർവീസ് കമ്മീഷൻ

# Confirmation (സ്ഥിരീകരണം)

അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളിൽ നിന്നും പരീക്ഷ എഴുതുവാൻ തയാറുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവർക്കുമാത്രം പരീക്ഷ എഴുതുവാൻ സൗകര്യമൊരുക്കുന്നതിനായാണ് **Confirmation** (**സ്ഥിരീകരണം**) സമ്പ്രദായം കമ്മീഷൻ നടപ്പാക്കിയത്. പ്രൊഫൈലിലൂടെ **Confirmation** (**സ്ഥിരീകരണം**) നടത്തിയ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പ്രസ്തുത തസ്തികയുടെ അഡ്മിഷൻ ടിക്കറ്റ് ഡൌൺലോഡ് ചെയ്തെടുക്കാൻ സാധിക്കുകയുള്ളൂ.

## Confirmation (സ്ഥിരീകരണം) ചെയ്യുന്നതെങ്ങനെ?

ഓരോ മാസവും നടത്തുന്ന പരീക്ഷകളുടെ കലണ്ടർ മൂന്ന് മാസം മുൻപുതന്നെ പി.എസ് .സി പ്രസിദ്ധീകരിക്കും. അതിൽ തസ്തികകളുടെ പരീക്ഷാ സംബന്ധിച്ച വിശദശാംശങ്ങളോടൊപ്പം തന്നെ **Confirmation** (**സ്ഥിരീകരണം**) നൽകേണ്ടുന്ന കാലാവധിയും സ്ഥിരീകരണം നൽകിയവർക്ക് പ്രൊഫൈൽ വഴി അഡ്മിഷൻ ടിക്കറ്റ് ഡൌൺലോഡ് ലഭ്യമാകുന്ന തീയതിയും രേഖപ്പെടുത്തിയിട്ടുണ്ടാകും. പ്രസ്തുത കാലയളവിൽ തന്നെ ഉദ്യോഗാർത്ഥികൾ പ്രൊഫൈൽ വഴി സ്ഥിരീകരണം നടത്തേണ്ടതാണ്. ടി കാലാവധിക്കുശേഷം ഒരു കാരണവശാലും സ്ഥിരീകരണം നടത്തുവാൻ സാധിക്കുകയില്ല. സ്ഥിരീകരണം നടത്തിയ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷാകേന്ദ്രവും രജിസ്റ്റർ നമ്പറും അനുവദിച്ച് അഡ്മിഷൻ ടിക്കറ്റ് ഡൌൺലോഡ് ലഭ്യമാകൂ. ആയതിനാൽ ഓരോ തസ്തികയ്ക്കും പരീക്ഷ എഴുതാൻ തയാറെടുക്കുന്ന ഉദ്യോഗാർത്ഥികൾ അവസരം നഷ്ടപ്പെടാതിരിക്കാൻ പ്രസ്തുത കാലയളവിനുള്ളിൽ **Confirmation** (**സ്ഥിരീകരണം**) നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്കും അതിന്റെ കാലയളവിൽ വെവ്വേറെ **Confirmation** (**സ്ഥിരീകരണം**) നൽകേണ്ടതുണ്ട്.

തസ്തികകൾക്ക് **Confirmation** (സ്ഥിരീകരണം) നടത്തുവാൻ ഉദ്യോഗാർത്ഥികൾ പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralapsc.gov.in** ലെ ഒറ്റത്തവണ രജിസ്ട്രേഷൻ പോർട്ടലിൽ അവരുടെ യൂസർ ഐഡിയും പാസ്സ്‌വേർഡും നൽകി ലോഗിൻ ചെയ്യുക. ഹോം പേജിലെ dashboard ൽ **Confirmation** (സ്ഥിരീകരണം) നടത്തുന്നതിനുള്ള ബട്ടൺ ഉണ്ടാകും. ഏതെങ്കിലും തസ്തികകളുടെ **Confirmation** (സ്ഥിരീകരണം) നടത്തേണ്ടുന്ന കാലയളവാണെങ്കിൽ അവയുടെ എണ്ണം കാണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ സ്ക്രീനിൽ കാണാൻ കഴിയും.




**Confirmation** (സ്ഥിരീകരണം) നൽകുന്നതിനായി **Confirmation** ബട്ടണിൽ ക്ലിക് ചെയ്യുക. അപ്പോൾ **Confirmation** (സ്ഥിരീകരണം) ചെയ്യേണ്ടുന്ന തസ്തികകളും അവയുടെ വലതു ഭാഗത്തായി **CONFIRM NOW** ബട്ടണും ദൃശ്യമാകും.



Kerala Public Service Commission

Thulasi (on Testing Server)

Home | Contact | Site Map

Logout (POOJA M G)

Confirmation for Writing Examination — മലയാളം

Submit your Confirmation for Writing the Examination before the date specified against each categories.

**Admission Ticket will NOT** be generated for those candidates who fail to submit the confirmation within the date and their application for this post will be summarily rejected.

Active Confirmation | Previous Confirmation (Date Over)

| Cat. No. | Name of Post | |
|---|---|---|
| 130/2012 (WYD) | CONFIDENTIAL ASSISTANT GRADE II<br>Various<br>*Submit your Confirmation on or before* ***11-10-2018*** | CONFIRM NOW |

©KPSC

POOJA M G

15.08.2018

**User Details**

- My Profile
- Registration Card
- OTV Certificate
- Change Password

**Personal**

- Notifications
- My Application

**CONFIRM NOW** ബട്ടൺ ക്ലിക്ക് ചെയ്യുക.



Confirmation for Writing Examination — മലയാളം

Submit your Confirmation for Writing the Examination before the date specified against each categories.

**Admission Ticket will NOT** be generated for those candidates who fail to submit the confirmation within the date and their application for this post will be summarily rejected.

Active Confirmation | Previous Confirmation (Date Over)

**Submit your Confirmation on or before 11-10-2018**

| | | |
|---|---|---|
| Examination Date | : | **17-12-2018 (Monday)** |
| Name of Post | : | **130/2012** (WYD)<br>**CONFIDENTIAL ASSISTANT GRADE II**<br>Various |

☑ I do hereby confirm that I will attend the Examination for this Post scheduled to be held on **17-12-2018 (Monday)**.

Submit Confirmation | Close

My recent activities : 1 Read this message on 04-10-2018 16:39:03

അപ്പോൾ കാണിക്കുന്ന ഡിക്ലറേഷൻ വായിച്ചുനോക്കി ടിക്ക് രേഖപ്പെടുത്തി **Submit Confirmation** ബട്ടൺ ക്ലിക്ക് ചെയ്യുക.




തുടർന്ന് കാണിക്കുന്ന **OK** ബട്ടണും ക്ലിക്ക് ചെയ്ത് **Confirmation** (സ്ഥിരീകരണം) പൂർത്തിയാക്കാം.



**Confirmation** (സ്ഥിരീകരണം) പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൌൺലോഡ് തീയതി മുതൽ പരീക്ഷാ തീയതി വരെ അഡ്മിഷൻ ടിക്കറ്റ് ഡൌൺലോഡ് ചെയ്തെടുക്കാം.

## അപേക്ഷ സമർപ്പിച്ചിട്ടുള്ള തസ്തികയുടെ പരീക്ഷയ്ക്ക് ഹാജരാക്കുവാനുള്ള അഡ്മിഷൻ ടിക്കറ്റ് ലഭിക്കുന്നതെങ്ങനെ?

ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള തസ്തികകൾക്ക് **Confirmation** (സ്ഥിരീകരണം) പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾ കലണ്ടറിൽ പറഞ്ഞിട്ടുള്ള നിർദിഷ്ട തീയതി മുതൽ പരീക്ഷാ തീയതി വരെയുള്ള ദിവസങ്ങളിൽ പരീക്ഷയ്ക്കുള്ള അഡ്മിഷൻ ടിക്കറ്റ് തങ്ങളുടെ രജിസ്ട്രേഷൻ പ്രൊഫൈലിലൂടെ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാവുന്നതാണ്. അതിനായി രജിസ്ട്രേഷൻ പേജിൽ ലോഗിൻ ചെയ്യുക. ഹോം പേജിൽ കാണുന്ന Admission Ticket ലിങ്ക് ക്ലിക്ക് ചെയ്ത് തസ്തികയുടെ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുവാൻ സാധിക്കും.